# മഹാത്മാഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

ഭരണ വിഭാഗം- സർവ്വകലാശാലാ പഠനവകുപ്പുകൾ നടത്തുന്ന സെമിനാറുകൾക്ക് വാഹനം അനുവദിക്കേണ്ട സാഹചര്യത്തിൽ കി.മീ ന് ₹ 6 നിരക്കിൽ തുക ഈടാക്കുന്നത് സംബന്ധിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം ബി അഞ്ച് സെക്ഷൻ**

**നം.452/ബി5/1/ട്രിപ്/ 2018/ഭരണം** **തീയതി-18/01/2018**

---

സൂചന- (1) സർക്കാർ ഉത്തരവ് നം ജി.ഒ(പി) നം 278/10/ഫിൻ തീയതി 12/05/2010(Endt.No 509/AIII/2/2016/Admin dated 23/01/2016)

**ഉത്തരവ്**

സർവകലാശാലാ പഠനവകുപ്പുകൾ നടത്തുന്ന സെമിനാറുകൾക്ക് സർവ്വകലാശാലാ വഹാനങ്ങൾ ആവശ്യപ്പെടാറുണ്ട്.ഇത്തരം സെമിനാറുകളുടെ നടത്തിപ്പിനായി സർവകലാശാല പണം നൽകുന്നുണ്ട്. കൂടാതെ മറ്റ് ഏജൻസികളിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുന്നുണ്ടോ എന്ന് വാഹനം ആവശ്യപ്പെടുമ്പോൾ വ്യക്തമാക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്.

ആയതിനാൽ സർവ്വകലാശാലാ പഠനവകുപ്പകൾ നടത്തുന്ന സെമിനാറുകളുടെ നടത്തിപ്പിന് സർവ്വകലാശാലാ പണം നൽകുന്നുണ്ടെന്നും, വകുപ്പുകൾക്ക് അതുപോയിഗിച്ച് വാഹനം വാടകയ്ക്ക് എടുക്കാവുന്നതാണെന്നും; സർവ്വകലാശാലാ വഹനങ്ങൾ നൽകേണ്ടതില്ലെന്നും; ഏതെങ്കിലും കാരണവശാൽ വാഹനം നൽകിയാൽ സൂചന(1) ഉത്തരവിൽ പ്രതിപാദിച്ചിരിക്കുന്ന കി.മീ ന് ₹ 6 നിരക്കിൽ പണം സർവ്വകലാശാലാ ഫണ്ടിലേക്ക് അടയ്ക്കേണ്ടതാണെന്നും ബഹു.വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു.

ധനകാര്യ വിഭാഗത്തിന്റെ അനുമതി ലഭിച്ചിട്ടുള്ളതാകുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഷൈനി.ആർ
എസ്റ്റേറ്റ് ഓഫീസർ
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. എല്ലാ പഠന വകുപ്പ് മേധാവികൾ
2. വൈസ് ചാൻസിലറുടെ പി.എസ്
3. പ്രോ.വൈസ് ചാൻസിലറുടെ പി.എസ്
4. രജിസ്ട്രാറുടെ പി എ
5. ഫിനാൻസ് ഓഫീസറുടെ പി.എ
6. പരീക്ഷാ കൺട്രോളറുടെ പി.എ
7. ജോയിന്റ് രജിസ്ട്രാർ 1(ഭരണം)
8. ഡെപ്യൂട്ടി രജിസ്ട്രാർ2(ഭരണം)
9. എസ്റ്റേറ്റ് ഓഫീസർ
10. ജോയിന്റ് ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വിഭാഗം
11. ഫിനാൻസ് 4 സെക്ഷൻ
12. റെക്കോർഡ് സെക്ഷൻ
13. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവ് പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം-AdBV/1/spltrip/dept/2017